<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4262** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി, തീരദേശ മേഖലകളിലെ ലഹരിവർജ്ജന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരിവർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ആദിവാസി, തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് യുവജനങ്ങൾക്കായി നടത്തി വരുന്ന ബോധവല്ക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ നേതൃത്വത്തിൽ ആദിവാസി-തീരദേശ മേഖലകളിലെ യുവതീ യുവാക്കൾക്ക് ലഹരി ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, തെരുവ് നാടകാവതരണം, ഡോക്യുമെന്ററി പ്രദർശനം, കലാകായിക മത്സരങ്ങൾ, ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. കൂടാതെ കൊല്ലം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ യുവജനങ്ങൾക്കായി ഫിറ്റ്നെസ്സ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് കായിക ലഹരി പ്രോത്സാഹിപ്പിക്കുന്നതിനായി സ്പോർട്സ് കിറ്റ് വിതരണം, "വായന എന്റെ ലഹരി" എന്ന ആശയവുമായി സ്കൂളുകളിൽ പുസ്തക വിതരണം, സെമിനാറുകൾ, ലഹരി വിരുദ്ധ ശിൽപ്പശാല, കലാകായിക മത്സരങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, യുവതീ യുവാക്കൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, ഫുട്ബോൾ മത്സരങ്ങൾ, ഫ്ലാഷ് മോബ്, ലഹരി വിരുദ്ധ സന്ദേശം നൽകുന്ന മാജിക് ഷോ, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലയിൽ ലഹരിയ്ക്ക് അടിമപ്പെട്ട് പഠനം ഉപേക്ഷിക്കപ്പെട്ട വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി) | ആദിവാസി മേഖലയിൽ ലഹരിയ്ക്ക് അടിമപ്പെട്ട് പഠനം ഉപേക്ഷിക്കപ്പെട്ട വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള പദ്ധതി 2024-25 അധ്യയന വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ വർഷങ്ങളിൽ ജനമൈത്രി |

| | | | |
|---|---|---|---|
| | | | എക്സൈസ് സ്ക്വാഡുകൾ പഠനം ഉപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ലഹരിവർജ്ജനവുമായി ബന്ധപ്പെട്ട് ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ; | (സി) | ആദിവാസി യുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ബോധവത്ക്കരണ പ്രവർത്തനങ്ങളോടൊപ്പം നിരവധി പ്രവർത്തനങ്ങൾ വിമുക്തി മിഷൻ ഏറ്റെടുത്തു നടത്തി വരുന്നു. ഈ മേഖലകളിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് പി.എസ്.സി പരിശീലനം, കരിയർ ഗൈഡൻസ് എന്നിവ നൽകുകയും ഇതിന്റെ ഫലമായി ഇതുവരെ 38 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മുഖാന്തിരം സർക്കാർ ജോലി നേടിക്കൊടുക്കാനും സാധിച്ചിട്ടുണ്ട്. കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും, ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനുമായി തെരഞ്ഞെടുത്ത ആറ് ജില്ലകളിൽ മിനി ഫിറ്റ്നെസ്സ് സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അതോടൊപ്പം കായിക പരിശീലന കളരികൾ, കായിക മത്സരങ്ങൾ, കലാ മേളകൾ, മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുള്ളതാണ്. ഇത് വഴി ആദിവാസി-തീരദേശ മേഖലയിലെ യുവതീ യുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ ഉന്നതി നേടിക്കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ വന്നതിനുശേഷം നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ? | (ഡി) | വിമുക്തിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഫലമായി ആദിവാസി മേഖലയിലെ യുവതീയുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, അവരുടെ ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ ഉന്നതി നേടികൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ